**കുട്ടിപ്പുര**
**പാഠാസൂത്രണം**

**ക്ലാസ് : 2** **തീയതി :**
**യൂണിറ്റ് :2** **പീരീഡ് :**

**മലയാളം**
**ആശയങ്ങൾ /ധാരണകൾ**
*ആശയത്തുടർച്ചയോടെയും തെറ്റുകൂടാതെ യും സംഭാഷണം അവതരിപ്പിക്കുന്നതും എഴുതുന്നതും സവിശേഷമായ ഒരു ഭാഷാപ്രയോഗശേഷിയാണ്
*കഥകൾ , സംഭവങ്ങൾ എന്നിവ സ്വാഭാവികതയോടെ ആഖ്യാനം ചെയ്യുന്നത് ഭാഷാ പ്രയോഗത്തെ സജീവവും ആകർഷകവും ആകുന്നു

*കഥാസന്ദർഭം വികസിപ്പിച്ചു പറയുകയും എഴുതുകയും ചെയ്യുന്നത് കുട്ടികളുടെ സർഗ്ഗശേഷി വികാസത്തിന് പ്രാഥമികമായ തെളിവുകളാണ്

*ആശയങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തുന്നതും അവ നിർമ്മിക്കുന്നതും സർഗാത്മകമായ ഭാഷാശേഷിയാണ്

*അറിയിപ്പുകളും ക്ഷണക്കത്തുകളും മറ്റും ആശയ പ്രകാശനത്തിനുള്ള ലളിതമായ ഭാഷാരൂപമാണ് .

**പഠനനേട്ടങ്ങൾ**
*സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നു.
*കേട്ട കഥകൾ, സംഭവങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ വാചകമായി അവതരിപ്പിക്കുന്നു
*കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു
*ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, കഥ എന്നിവ തനതായ രീതിയിൽ തന്റേതായ രീതിയിൽ എഴുതുന്നു.
*ലഘു കടങ്കഥകൾക്ക് ഉത്തരം നൽകുകയും ലളിതമായ കടങ്കഥകൾ രൂപീകരിച്ചു ചോദിക്കുകയും ചെയ്യുന്നു.
*അറിയിപ്പുകൾ , ക്ഷണക്കത്ത് എന്നിവ വായിച്ച് അവയുടെ ഉള്ളടക്കം, ഘടന, ഭാഷാരീതി എന്നിവ തിരിച്ചറിയുകയും ക്ഷണക്കത്ത് തയ്യാറാക്കുകയും ചെയ്യുന്നു.

**സാമഗ്രികൾ**

മാസികകളിലെ കളർ ഷീറ്റുകൾ , പശ, കത്രിക A 4 പേപ്പർ. ,ടിബി ചിത്രം, കടലാസ്, മാർക്കർ, വായനാ സാമഗ്രികൾ ,പെൻസിൽ ,തോർത്ത് ,ഷാൾ, പുസ്തകം, ചിരട്ട , വടി, പ്ലേറ്റ് ,പത്രമാസികകൾ കവിത ചാർട്ട് , വർക്ക് ഷീറ്റുകൾ.,ക്ഷണക്കത്ത് മാതൃകകൾ തുടങ്ങിയവ
**ഉൽപ്പന്നം**

കൊളാഷ് , ഭാഷണം , ആലാപനം , ശ്രാവ്യ വായന ലേഖനം , സംഭാഷണം , വിവരണം, എന്റെ പദശേഖരം പട്ടിക , ക്ഷണക്കത്ത് , പൂരിപ്പിച്ച വർക്ക്ഷീറ്റുകൾ , ആൽബം.

## പരിസര പഠനം

**ആശയങ്ങൾ / ധാരണകൾ**

*ആളുകൾ പലതരം വീടുകളിൽ പാർക്കുന്നു, വീടുകൾ വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലും ഉണ്ട് . ഓരോ ആവശ്യത്തിനും വീട്ടിൽ വെവ്വേറെ ഇടങ്ങളുണ്ട് .
*വീട്ടിനുള്ളിൽ വായുസഞ്ചാരം വെളിച്ചവും വേണം . ചുറ്റുപാടുകൾ വൃത്തിയുള്ളതായിരിക്കണം.
*ആരോഗ്യകരമായ ജീവിതത്തിന് വൃത്തിയുള്ള വീടും ചുറ്റുപാടും ആവശ്യമാണ്.
*വീട് നിർമ്മിക്കുന്നതിന് വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിക്കുന്നു.
*നമ്മുടെ നാട്ടിൽ വീടിലാതെ കഷ്ടപ്പെടുന്നവരുണ്ട്.

**പഠനനേട്ടങ്ങൾ**

*വീടുകളുടെ സവിശേഷതകൾ , സാമ്യവ്യത്യാസങ്ങൾ എന്നിവ കണ്ടെത്തി പറയുന്നു .
*വീടിന്റെ വിവിധ ഭാഗങ്ങൾ , അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു. പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. *ആരോഗ്യകരമായ വീടിന്റെ പ്രത്യേകതകൾ തിരിച്ചറിയുകയും സ്വന്തം വീട് ആരോഗ്യകരമാണോ എന്ന് പരിശോധിച്ച് കണ്ടെത്തലുകൾ എഴുതുകയും ചെയ്യുന്നു.
*വീടും ചുറ്റുപാടും ശുചീകരിക്കുന്നതിൽ പങ്കാളികളാവുന്നു.
*വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളെ വർഗ്ഗീകരിക്കുന്നു.
*എലാവർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ വേണമെന്ന മനോഭാവം വളരുന്നു.

**ശേഷികൾ**

നിരീക്ഷണം, വർഗീകരണം, ആശയം വിനിമയം ചെയ്യൽ, നിഗമനങ്ങൾ രൂപീകരിക്കൽ

## കലാ-കായിക - ആരോഗ്യ -പ്രവൃത്തി പഠനം

**ആശയങ്ങൾ /ധാരണകൾ**

* വീടിന്റെ ത്രിമാന മാതൃക തയ്യാറാക്കുന്നു.
*ഫലപ്രദമായി രൂപപ്പെടുത്തുന്ന സംഭാഷണങ്ങൾ ആശയവിനിമയത്തെ ചടുലമാക്കുന്നു.
* വിവിധ തൊഴിലുകൾ, പ്രവൃത്തികൾ എന്നിവ അനുകരിക്കുന്നു.
*വിവിധ തരം കളികളുണ്ട് . കളികൾക്ക് വിനോദ സാധ്യതയോടൊപ്പം ചില ചിട്ടകളും നിയമങ്ങളും ഉണ്ട് .
*ചുറ്റുമുള്ള ദൃശ്യങ്ങളെയും സംഭവങ്ങളെയും ആവിഷ്കരിക്കാനുള്ള ഒരു മാധ്യമം ആണ് ചിത്രം .
*കവിതകളും കുട്ടിപ്പാട്ടുകളും ഈണത്തിൽ പാടുന്നത് കുട്ടികളിൽ രസാനുഭൂതി ഉളവാക്കുന്നു.

**പഠനനേട്ടങ്ങൾ**

*വിവിധ തരം വീടുകളുടെ മാതൃകകൾ നിർമിക്കുന്നു.
*വിവിധതരം വീടുകളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാകുന്നു,

*പരിചിത സന്ദർഭങ്ങളെ സംഭാഷണം, ചലനം എന്നിവയിലൂടെ സംഘമായി അവതരിപ്പിക്കുന്നു.
*വിവിധതരം ചെറുകളികളെക്കുറിച്ച് അറിവും പ്രയോഗക്ഷമതയും നേടുന്നു, കളികളിൽ ഏർപ്പെടുന്നു.
*അടിസ്ഥാന രൂപങ്ങൾ ഉപയോഗിച്ച് പരിചിത രൂപം വയ്ക്കുന്നു .
*കവിതകൾ കുട്ടിപ്പാട്ടുകൾ എന്നിവ താളത്തോടെ പാടുന്നു.

## പാഠത്തിലേക്ക്

കൊളാഷ് നിർമാണം

ആവശ്യമായ സാമഗ്രികൾ ഓരോ ഗ്രൂപ്പിനും നൽകുന്നു. വീടും പരിസരവും എന്ന ആശയം വരുന്ന ഒരു കൊളാഷ് തയ്യാറാക്കൽ. ടീച്ചർ തയ്യാറാക്കിയ കൊളാഷ് പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

**ചിത്രവായന**
ചിത്രത്തിൽ എന്തെലാം? നോട്ട് ബുക്കിലേക്ക്
**പറയാമോ?**
ചിത്രത്തിൽ കുറേ വീടുകളുണ്ട്. എലാ വീടുകളും ഒരു പോലെയാണോ ? എന്തെലാം വ്യത്യാസങ്ങൾ ?
ഇതിൽ ഏതൊക്കെ തരം വീടുകൾ നിങ്ങളുടെ പരിസരത്തുണ്ട്?
നിങ്ങളുടെ വീടിന്റെ മാതൃക ( കളിപ്പന്തൽ / കളിവീട് ) ഉണ്ടാക്കിയിട്ടുണ്ടോ ?
മറ്റാരെങ്കിലും നിർമിച്ച കളിവീട് കണ്ടിട്ടുണ്ടോ?
അനുഭവവിവരണം
**പാഠപുസ്തക വായന**
കളിവീടുമായി ബന്ധപ്പെട്ട ഒരു കുട്ടിയുടെ അനുഭവം പാഠപുസ്തകത്തിലുണ്ട്. നിങ്ങൾക്കുള്ള അനുഭവം തന്നെയാണോ സാവിത്രിക്കുട്ടിക്കും ഉള്ളത്?
ടി ബി പേജ് 24,25,26 വായന
വ്യക്തിഗത വായന
ടീച്ചറുടെ വായന
**കുട്ടിപ്പുര - പാഠഭാഗം വായിക്കാം വീഡിയോ**
**കണ്ടെത്താം പറയാം**
*ഈ കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണ് ?
*സാവിത്രിക്കുട്ടി കുട്ടിപ്പുരയിൽ എന്തെലാം വേണമെന്നാണ് പറഞ്ഞത്?
*കുട്ടിപ്പുരയിൽ ആരൊക്കെ വേണമെന്നാണ് അവൾ വേലുവിനോടു പറഞ്ഞത്?
*'അച്ഛൻ ' എന്ന് ഉത്തരം വരുന്ന ചോദ്യം എന്തായിരിക്കും?
*' കുട്ടിപ്പുര ' എന്ന ഉത്തരം കിട്ടാൻ ഏതു ചോദ്യം ചോദിക്കണം?
രണ്ടു ഗ്രൂപ്പായി മാറുന്നു. പാഠഭാഗത്തു നിന്ന് പരമാവധി ചോദ്യങ്ങൾ കണ്ടെത്തി എതിർ ഗ്രൂപ്പിനോട് ചോദിക്കൽ
ചോദ്യോത്തരപ്പയറ്റ്
**അറിയാത്ത വാക്കുകൾ**
പരിചിതമലാത്ത പദങ്ങൾ ഏതൊക്കെയെന്നു കണ്ടെത്തി അടിയിൽ വരയൽ.
പാഠഭാഗം വീണ്ടും വായന
അർഥം ഊഹിച്ചു പറയൽ.
ടീച്ചർ ഉദാഹരണങ്ങളിലൂടെ അർഥം വിശദീകരിക്കുന്നു.
ഇത്തരം പദങ്ങൾ ഉപയോഗിച്ച് പുതിയ വാക്യങ്ങൾ ഉണ്ടാക്കി പറയൽ

**അഭിനയിക്കാം**
ക്ലാസിൽ തോർത്ത് / ഷാൾ, പുസ്തകം, ചിരട്ട, വടി, പ്ലേറ്റ് തുടങ്ങിയ വസ്തുക്കൾ ഒരുക്കുന്നു.
പാഠപുസ്തകത്തിൽ ഏതൊക്കെ കളികളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
ചർച്ച. സാമഗ്രികൾ ഉപയോഗിച്ച് വിവിധ കഥാപാത്രങ്ങളായി അഭിനയിക്കൽ.
**അഭിനയക്കളികൾ**
*ചോറും കറിയും വച്ചു കളി.
*ടീച്ചറും കുട്ടികളും കളി
*.......
*..........

**ഭാവനാ വികാസപ്രവർത്തനം**
ടീച്ചറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കുട്ടികൾ പ്രവർത്തിക്കുന്നു.
സ്വസ്ഥമായി ഇരിക്കുന്നു. പതുക്കെ ദീർഘമായി ശ്വസിക്കുക. കണ്ണുകൾ മെലെ അടക്കുക. നിങ്ങളിപ്പോൾ
സാവിത്രിക്കുട്ടി സ്വപ്നം കണ്ട വീട്ടിലേക്ക് പുറപ്പെടുകയാണ്. ഇപ്പോൾ നിങ്ങളുടെ വീടിന്റെ മുറ്റത്താണ്..... ഉമ്മറപ്പടി കയറുകയാണ്.... ഓരോ മുറിയിലും കയറുകയാണ്..... തിരിച്ച് ഉമ്മറത്തേക്ക് വരുകയാണ്.... പതുക്കെ മുറ്റത്തേക്ക് ഇറങ്ങുകയാണ്..... ഒന്നു മുതൽ അഞ്ച് വരെ എണ്ണുമ്പോഴേക്കും കണ്ണുകൾ തുറക്കാം ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്.
എലാവരും എലാമുറിയിലും കയറിയോ..?
നിങ്ങളുടെ വീട്ടിൽ ഏതെലാം മുറികളുണ്ട്?
പദസൂര്യൻ പൂർത്തിയാക്കൽ
വീട്
**വർക്ക് ഷീറ്റ് -1**
സംഭാഷണം തയ്യാറാക്കാം.
അഭിനയിക്കാം.
തനിക്ക് കളിക്കാൻ ഒരു കുട്ടിപ്പുര വേണമെന്നും അതിൽ എന്തൊക്കെ ഉണ്ടായിരിക്കണമെന്നും സാവിത്രിക്കുട്ടി അച്ഛനോട് പറഞ്ഞിട്ടുണ്ടാവും?
കുട്ടികൾ സംഭാഷണം തയ്യാറാക്കുന്നു. രണ്ടുപേരടങ്ങുന്ന വിരൽപ്പാവകൾ ഉപയോഗിച്ച് അഭിനയിക്കുന്നു.
**വായിക്കാം, കണ്ടെത്താം**
സാവിത്രിക്കുട്ടി കണ്ണുതുറന്നുകൊണ്ട് തന്നെ സ്വപനം കണ്ടു. സ്വപ്നത്തിലെ വീട്ടിൽ ഏതെലാം മുറികളും സൗകര്യങ്ങളും ഉണ്ടായിരുന്നു?
പാഠപുസ്തകം വായന, കണ്ടെത്തൽ, അവതരണം.
മുറികളുടെ ഉപയോഗങ്ങൾ എഴുതൽ.
**വീട് വരയ്ക്കാം, നിറം നൽകാം**
ടി ബി പേജ് 28 ലെ ചിത്രം പൂർത്തിയാക്കുന്നു.
**ചൊലി രസിക്കാം**
ടീച്ചറും കുട്ടികളും ചേർന്ന് ഈണത്തോടെ ചൊലി അവതരിപ്പിക്കുന്നു.
**കളിവീട് വീഡിയോ**
'കളിവീട് ' എന്ന കവിതയിലെ വീടിന്റെ വിവിധ ഭാഗങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് എന്തൊക്കക്കൊണ്ടാണ്? മുറ്റവും അടുത്തുള്ള അരുവിയുമൊക്ക എങ്ങനെയുള്ളതാണ്?
**വർക്ക് ഷീറ്റ്** -3 വിതരണം ചെയ്യുന്നു.
കഥ പൂർത്തിയാക്കാം

**കഥാവായന**

പേജ് 29,30 വായന

സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയെക്കുറിച്ച് പാഠത്തിൽ എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത്?

വ്യക്തിഗതവായന

ശ്രാവ്യവായന

**ആശയഗ്രഹണ ചോദ്യങ്ങൾ**

കെട്ടിടത്തിന്റെ ഉയരം എത്ര? എത്ര നിലയുള്ളതാണ് ഈ കെട്ടിടം? മേൽപ്പുര എങ്ങനെയുള്ളതാണ്? ഓരോ ഭാഗത്തും തേച്ചിരിക്കുന്ന ചായങ്ങൾ ഏതൊക്കെ? പുര നിൽക്കുന്നതെവിടെ? വീടിന്റെ പേരെന്താണ്? ചുറ്റുമതിൽ എങ്ങനെയാണ്? വളപ്പിൽ / തൊടിയിൽ ഏതെലാം മരങ്ങളാണുള്ളത്?

അവയുടെ പ്രത്യേകതകൾ എന്തെലാം?

വീട്ടിനകത്ത് ആളുകളായി ആരൊക്കെയുണ്ട്?

- അച്ഛൻ എന്താണ് ചെയ്യുന്നത്?
- അമ്മ എന്തു ചെയ്യുന്നു?
- എത്ര മക്കൾ ആ വീട്ടിലുണ്ട്?
- പെൺമക്കൾ ഓരോരുത്തരും ചെയ്യുന്നതെന്ത്?

കുടുംബാംഗങ്ങളുടെ വേഷങ്ങൾ എന്തൊക്കെയാണ്?

-അമ്മ അണിഞ്ഞിരിക്കുന്നതെന്ത്?

- തുന്നൽപ്പണി ചെയ്യുന്ന മകളുടെ വേഷം എന്താണ്?
- വായിക്കുന്ന മകൾ എന്താണ് ധരിച്ചിരിക്കുന്നത്?

-വീണമീട്ടുന്ന മകളുടെ വസ്ത്രത്തെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്?

ടീച്ചറുടെ വായന

**എഴുതാം**

കുട്ടിപ്പുരയുടെ ചുറ്റുമുള്ള തൊടിയിൽ എന്തൊക്കെയുണ്ട്?

നോട്ടുബുക്കിൽ എഴുതൽ

റാൻഡം അവതരണം

മെച്ചപ്പെടുത്തൽ

**എന്തൊക്കെ ചായങ്ങൾ?**

ടി ബി പേജ് 30 ലെ ഭാഗം, ടി ബി വായിച്ച് കണ്ടെത്തി പൂരിപ്പിക്കൽ

നീലച്ചായം തേച്ച എന്തൊക്കെ വസ്തുക്കൾ കുട്ടിപ്പുരയിലുണ്ട്? മറ്റെന്തെലാം പറയാനാവും?

**വർക്ക് ഷീറ്റ്** 4 നൽകുന്നു.

കൂട്ടിപ്പുരയിൽ ആരെലാമാണുള്ളത്?

എലാവരുടെയും വേഷം ഒന്നു തന്നെയാണോ?

വായിച്ചു 31 ലെ പട്ടിക പൂരിപ്പിക്കൽ.

**നമ്മൾക്ക് ഒരു വീട് പണിയാം വീഡിയോ**

കടലാസു കൊണ്ട് വീട് നിർമിക്കുന്നു.

ക്ലാസ് മുറിയിലോ / മണൽത്തടത്തിലോ കുറേ വീടുകൾ നിരനിരയായി ക്രമീകരിച്ച് ഒരു തെരുവ് ഉണ്ടാക്കുന്നു.

വീടുകൾക്ക് പേരുകൾ നൽകൽ. നിർമിച്ച വീടുകളെക്കുറിച്ച് സംസാരിക്കൽ.

വീടിനെക്കുറിച്ച് പാട്ടുകൾ പാടൽ.

**പറയാം, എഴുതാം**

സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുര
വ്യക്തിഗതമായി സ്വന്തം ഭാഷയിൽ വിവരണം എഴുതൽ
ഗ്രൂപ്പിൽ അവതരണം
മെച്ചപ്പെടുത്തൽ
എഡിറ്റിംഗ്
**വീടിന്റെ പേര്**
കുട്ടിപ്പുരയുടെ മുൻവശത്തെ ഗേറ്റിൽ എഴുതിയ പേര് രേഖപ്പെടുത്താൻ അവസരം.
സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയുടെ പേരെന്താണ്?
**വായിക്കാം**
പ്രഭാതമായി. എങ്ങും സൂര്യപ്രകാശം പരന്നു. പ്രിയമോൾ ഉണർന്നു. ഉമ്മറത്തേക്ക് വന്നു. അതാ മുറ്റത്ത് രണ്ട് അരിപ്രാവുകൾ.
'പ്ര 'എന്ന അക്ഷരം വരുന്ന ഏതൊക്കെ പദങ്ങൾ?

'പ്ര ' എന്ന അക്ഷരം വരുന്ന മറ്റു പദങ്ങൾ എഴുതൂ....
ഈ വാക്കുകൾ ഉപയോഗിച്ച് ചില വാക്യങ്ങൾ പറയൽ പറയാമോ..?
**എന്റെ വീടിന്റെ പേര്?**
എന്റെ കൂട്ടുകാരുടെ വീട്ടുപേരുകൾ
*.......
*.....
*......

വീട് നിർമാണം നടക്കുന്ന സ്ഥലത്തേക്ക് ഒരു ഫീൽഡ് ട്രിപ്പ്
വീടിന്റെ ഭാഗങ്ങളെക്കുറിച്ചും ഓരോ ഭാഗവും നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കളെക്കുറിച്ചും ചർച്ച
വീട് നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കളുടെ പേര് കളത്തിൽ ഒളിഞ്ഞിരിപ്പുണ്ട്.
കണ്ടെത്തിയ വാക്കുകൾക്ക് മഞ്ഞ നിറം നൽകൂ....
കണ്ടെത്തിയ വാക്കുകൾ നോട്ട് ബുക്കിലേക്ക്
**തരം തിരിച്ചെഴുതാം**
ഓരോ വസ്തുവും വീടിന്റെ ഏതു ഭാഗം നിർമിക്കാൻ ഉപയോഗിക്കുന്നു?
പട്ടികപ്പെടുത്തൽ
ക്രോഡീകരണം
**ഉപയോഗം എഴുതാം**
വർക്ക് ഷീറ്റ് -5 പൂർത്തിയാക്കുന്നു.
**വിശേഷണങ്ങൾ ചേർക്കാം**
' സാരി ' എന്ന പദത്തെ വിശേഷിപ്പിക്കുന്നതിനുപയോഗിച്ച വാക്കാണ് 'മഞ്ഞ ' എന്ന വാക്ക്.
ഇതുപോലെ പാഠപുസ്തകത്തിൽ പല വാക്കുകളും വിശേഷണങ്ങളായി ഉപയോഗിച്ചിട്ടുണ്ട്.
മഴയുടെ ശക്തി കാണിക്കാൻ ' പെരുമഴ ' എന്നുപയോഗിച്ചിരിക്കുന്നു.
നോട്ട് പുസ്തകത്തിലേക്ക്
**ചിഹ്നങ്ങൾ ചേർത്ത് എഴുതാം**
സാവിത്രിക്കുട്ടി അന്നു രത ഉറങ്ങിയില. വരന്തയ രണ്ടു കിടപ്പറയും ഉണമറയ അടുക്കളയും കലവറയും കളമറ യുമുള്ള സന്ദരമയ ഒരു കട്ടപ്പര . കണ്ണു മിഴിച്ചു കിടന്നുകൊണ്ടുതന്നെ അവൾ സപന കണ്ടു.
**കടങ്കഥ**
അകത്തിരുന്ന് പുറത്തേക്കു കാലു നീട്ടി

പുഴയിലുണ്ട് മഴയിലില
കരയിലുണ്ട് കടലിലില
വീടുമായോ വീടിന്റെ ഭാഗങ്ങളുമായോ ബന്ധപ്പെട്ട കടങ്കഥകൾ അവതരിപ്പിക്കൽ
**ക്ഷണക്കത്ത് തയ്യാറാക്കാം**
ആഖ്യാനം വ്യക്തിഗത വായന
ക്ഷണക്കത്തിൽ എന്തെലാം ഉണ്ടാവണം?
ചർച്ച.
യഥാർത്ഥ ക്ഷണക്കത്തിന്റെ മാതൃകകൾ ക്ലാസിൽ വിതരണം ചെയ്യുന്നു. കണ്ടെത്തിയ കാര്യങ്ങൾ പങ്കു വെക്കുന്നു.
കഷണക്കത്ത് വ്യക്തിഗതമായി തയ്യാറാക്കൽ
ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ
എഡിറ്റിംഗ്
**വർക്ക് ഷീറ്റ് -6**
**സംഭാഷണം എഴുതാം**
ഗോകുലും സാവിത്രിക്കുട്ടിയും തമ്മിലുള്ള സംഭാഷണ ഭാഗം വ്യക്തിഗത വായന
സംഭാഷണം രൂപീകരിച്ചു പറയൽ, എഴുതൽ
**എത്ര പദങ്ങൾ?**
വീടുമായി ബന്ധപ്പെട്ട എത്ര പദങ്ങൾ നിങ്ങൾക്കറിയാം?
എഴുതി നോക്കൂ....
അവതരണം
**വൃത്തിയുള്ള വീട്**
നിങ്ങളുടെ വീട് നല വീടാണോ?
നല വീടിനുള്ള സവിശേഷതകൾ എന്തൊക്കെയാണ്?
ടി ബി പേജ് 38 ലെ പട്ടിക വായിച്ചു കണ്ടെത്തൽ
**വൃത്തിയുള്ള പരിസരം**
നാം നമ്മുടെ വീട് വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ?
ഉണ്ടെങ്കിൽ അടയാളവും ഇലെങ്കിൽ അടയാളവും നൽകൂ.
**സവിശേഷതകൾ പറയാം.**
പാഠത്തിലെ ആദ്യഭാഗത്തെ ചിത്രം നോക്കി ഓരോ വീടിന്റെയും സവിശേഷതകൾ പറയൽ.
ആൽബം നിർമിക്കാം
പലതരം വീടുകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കൽ.
**കണ്ണാടി**
ചിത്രത്തിൽ എതെലാം മുറികളുണ്ട്?
ഓരോ മുറിയുടെയും ഉപയോഗവും മുറിയിലുള്ള വസ്തുക്കൾ മറ്റു പ്രത്യേകതകൾ എന്നിവയും ഉൾപ്പെടുത്തി ലഘുവിവരണം തയ്യാറാക്കൽ
**വർക്ക് ഷീറ്റ് -2** വിതരണം ചെയ്യുന്നു.
മുറികൾ /സൗകര്യങ്ങൾ
**വായനച്ചെപ്പ്**
നാടൻപാട്ട് ഒറ്റക്കും സംഘമായും ചൊലൽ
ചുമടുകളുടെ പേര് കൂട്ടിച്ചേർത്തു പാടൽ
കൂട്ടിച്ചേർത്ത വരികൾ നോട്ട് ബുക്കിലേക്ക്